KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION
PRESENTS

little KITEs

# Qബിറ്റ്

## DIGITAL MAGAZINE 2018-19



## GHSS PURATHUR

# ഡിജിറ്റൽ മാഗസിൻ

**പുറത്തൂർ ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ പഠന പ്രവർത്തനത്തിന്റെ ഭാഗമായി നിർമ്മിച്ചതാണിത് . ക്രിയാത്മക ചിന്തകളുടേയും സർഗാത്മകതയുടേയും വേദിയായി നമ്മുടെ പൊതുവിദ്യാലയങ്ങൾ മാറട്ടെ , ഉയരട്ടെ എന്ന പ്രതീക്ഷയോടെ**

സുരേഷ് ബാബു തെക്കേവളപ്പിൽ
ഹെഡ്മാസ്റ്റർ

വിനുകുമാർ പി വി
കൈറ്റ് മാസ്റ്റർ

ബിന്ദു പി ബി
കൈറ്റ് മിസ്ട്രസ്സ്

Special Thanks

ശ്രീ . രാമകൃഷ്ണൻ . ജി
PTA പ്രസിഡണ്ട്

# ആ അമ്മയ്ക്കുവേണ്ടി

**ഷിജിത എൻ.വി 10H**

ശ്രുതി ലാപ്ടോപ്പിന്റെ വലിയ സ്ക്രീനിലെ ഏതോ ചിത്രത്തിൽ കണ്ണോടിച്ചിരിക്കുകയാണ്. നടക്കാതെ പോയ ഒരു സ്വപ്നത്തിന്റെ വേദനയാർന്ന വിതുമ്പൽ ആ കണ്ണുകളിൽ കാണാനുണ്ട് .കണ്ണു നീരിന്റെ നേർത്ത നനവോടെ അവൾ കഴിഞ്ഞുപോയ ആ രാത്രിയെ കുറിച്ചോർത്തു .പതിവു ദിവസങ്ങളെ പോലെ അന്നും അമ്മ സന്ധ്യാവിളക്ക് കൊളുത്തലും നാമ ജപവുമെല്ലാം കഴിഞ്ഞു അകത്തളത്തിലൂടെ കടന്നുപോവുകയായിരുന്നു. അവിടെ തന്റെ മകളുടെ മുറിയിൽ നിന്നുള്ള ഏതൊക്കെയോ അപസ്വരങ്ങൾ അവരെ മകളുടെ മുറിയിലേക്ക് നയിച്ചു. തനിക്ക് പ്രവേശനം ഇല്ലായിരുന്നിട്ടു കൂടി അവരാ മുറിയിലേക്ക് കടന്നു അവിടെ കണ്ട കാഴ്ച്ചകൾ അവരെ നിർജീവമാക്കി തന്റെ മകൾ കുറച്ച് നേരത്തെ ആത്മ സുഖത്തിന് വേണ്ടി മയക്കു മരുന്നു നിറച്ച സിറിഞ്ചിലെ സൂചി അവളുടെ കരങ്ങളിലേക്ക് ആഴത്തിൽ ഇറക്കുന്നു.ഏതോ ഒരു വികാര നിമിഷത്തിൽ അവർ അവളോട് പൊട്ടിത്തെറിച്ചു പോയി. താൻ ഓമനിച്ചു വളർത്തിയ അവളെ അന്നാദ്യമായി തല്ലി "എന്താണ് നീ ചെയ്യുന്നതെന്ന് നിനക്ക് വല്ല ബോധവുമുണ്ടോടി അസത്തേ നിന്നെ ഞാൻ", ......അവരുടെ കൈകൾ അവൾക്കു നേരെ പിന്നെയും ഉയർന്നു താഴ്ന്നുകൊണ്ടിരിന്നു. കുറച്ച് നിമിഷങ്ങൾ കൊണ്ട് ആ വെളുത്ത കവിൾത്തടങ്ങളിൽഅനേകം കരങ്ങളുടെ നിഴലിച്ചപാടുകൾ വീണുകിടന്നു. കൈകൾ ഏകദേശം കുഴഞ്ഞെന്നായപ്പോൾ അവർ തന്റെ മുറിയിലേക്ക് തിരിച്ചു പോവാൻ ഒരുങ്ങി. പെട്ടന്നേതോ ലഹരിയോടെ അവൾ അമ്മയുടെ നേരെ പാഞ്ഞടുത്തു. സ്വന്തം മാതാവാണെന്ന പരിഗണന നൽകാതെ അവരെ തന്റെ കരങ്ങൾകൊണ്ട് തള്ളിയിട്ടുകൊണ്ട് അവൾ ചോദിച്ചു 'എന്താ തള്ളേ നിങ്ങൾക്ക് ഭ്രാന്താണോ?' അടഞ്ഞ സ്വരത്തിൽ ആ അമ്മ മറുപടി നൽകിയത് ഇങ്ങനെയാണ്, 'പിന്നെ എന്താ ഞാൻ ചെയ്യേണ്ടത് ? എത്ര വലിയ തെറ്റാണ് നീ ഈ ചെയ്യുന്നതെന്ന് നിനക്ക് വല്ല ബോധവുമുണ്ടോ?' നിർത്ത് തള്ളേ എന്ന് പുലമ്പിക്കൊണ്ട് അവൾ തുടർന്നു. എന്നെ ഈ അവസ്ഥയിലാക്കിയത് നിങ്ങളാണ്. ഞാനെന്ത് തെറ്റാണ് നിന്നോട് ചെയ്തത്?'നിങ്ങൾ ഒരു തെറ്റും ചെയ്തിട്ടില്ലല്ലേ. നിങ്ങൾ എന്റെ ജീവിതം തകർത്തു. ഇനിയും പഠിക്കണമെന്ന് പറഞ്ഞ എന്നെ നിങ്ങൾ എന്റെ വാക്കുകൾക്ക് വിലകൊടുക്കാതെ കെട്ടിച്ചയച്ചു. എന്റെ സമ്പത്ത് മോഹിച്ച് എന്നെ സ്വന്തമാക്കിയ എന്റെ ഭർത്താവ് എന്റെ സമ്പത്ത് കൈവശപ്പെടുത്തി നാടു വിട്ടു. ഇവിടെ തിരിച്ച് വന്ന മുഴുവനായും തകർന്ന എന്നെ നിങ്ങൾ ഇതെല്ലാം നിന്റെ തെറ്റാണെന്ന് പറഞ്ഞ് കുറ്റപ്പെടുത്തി. എല്ലാത്തിൽ നിന്നും മുക്തി നേടാൻ ഞാനൊരു മാർഗ്ഗം കണ്ടെത്തിയപ്പോൾ നിങ്ങളതും ഇല്ലാതാക്കാൻ ശ്രമിക്കുകയാണെന്ന് പറഞ്ഞു കൊണ്ട് അവൾ അവരെ ശക്തിയായി ചുമരിലേക്ക് തള്ളി. മയക്കുമരുന്നിന്റെ ലഹരിയിൽ അവൾ ബെഡ്ഡിലേക്ക് വീണു. പിന്നീട് അവൾ കണ്ണുകൾ തുറക്കുന്നത് ഏതൊക്കെയോ വിലാപങ്ങൾ കേട്ടാണ്. അകത്തളത്തിൽ അമ്മയുടെ മൃതശരീരത്തിന് അടുത്ത് നിലവിളക്ക് കൊളുത്തിവെച്ചിരിക്കുന്നു. വിലപിച്ചുകൊണ്ട് അടുത്തേക്ക് ചെന്നപ്പോൾ ബന്ധുക്കൾ ചുറ്റും കൂടി. അവർ കരുതിയിരിക്കുന്നത് അമ്മയുടെ മൃതശരീരം കണ്ട് താൻ ബോധമറ്റു വീണതാണെന്നാണ്. തന്റെ വാക്കുകളിൽ മനം നൊന്ത് ഹൃദയാഘാതത്താലാണ് അവർ മരിച്ചതെന്ന് അവൾ അല്ലാതെ മറ്റാരും അറിഞ്ഞില്ല. മഴയുടെ ശക്തികൂടിയ ശബ്ദം അവളെ ഓർമകളിൽ നിന്നും ഉണർത്തി വീണ്ടും കംപ്യൂട്ടറിലെ അമ്മയുടെ ചിത്രത്തിലേക്ക് നോക്കിക്കൊണ്ട് അവൾ വ്യക്തമായ ഒരു തീരുമാനമെടുത്തു. അമ്മയോടായി അവൾ പറഞ്ഞു. “ഇല്ല അമ്മേ ഇനി ഞാൻ ലഹരി ഉപയോഗിക്കില്ല" അവൾ വിതുമ്പി. ഉള്ളിൽ അലതല്ലിയ സങ്കടം പുറത്ത് പെയ്തുകൊണ്ടിരുന്ന മഴയേക്കാൾ ശക്തിയായി ഒരു തേങ്ങലിന്റെ ശബ്ദത്തോടെ അവളുടെ കണ്ണുകളിൽ പെയ്യാൻ തുടങ്ങി. പെട്ടെന്ന് മഴ നേർത്തു കൊണ്ടിരുന്നു. തന്റെ തീരുമാനത്തിലെ സന്തോഷം കൊണ്ട് തന്റെ അമ്മയുടെ ആത്മാവ് സ്വർഗ്ഗത്തിലിരുന്ന് പൊഴിക്കുന്ന ആനന്ദാശ്രു പോലെ ആ മഴ നേർത്തില്ലാതെയായി. ആ നേരം എവിടെയോ ഒരു ക്ഷേത്രത്തിൽ നിന്ന് സമാധാനത്തിന്റെ പ്രതീകങ്ങളായ വെള്ളരിപ്രാവുകൾ ചിറകടിച്ചുയർന്നു. അനന്തതയിലേക്ക്, വിദൂരതയിലേക്ക് ഏതോ സ്വപ്നങ്ങളിലേക്ക് പ്രതീക്ഷയോടെ..........

# മാന്ത്രിക സൂത്രം

**പ്രവിത കെ.പി 8 C**

ഞാൻ നിങ്ങൾക്കൊരു മാന്ത്രികസൂത്രം തരാം,
നിങ്ങൾ സംശയഗ്രസ്തരാകുമ്പോഴോ,
അഹന്ത നിങ്ങൾ അതിരു കവിയുമ്പോഴോ
ഈ ഒരു ഉപായം പരീക്ഷിച്ചു നോക്കിയാൽ മതി.
നിങ്ങൾ കണ്ടിട്ടുള്ളതിൽ വച്ച് ഏറ്റവും ദരിദ്രനായ ,
നിസ്സഹായനായ മനുഷ്യന്റെ മുഖം സങ്കൽപ്പിച്ച് നോക്കുക
എന്നിട്ട് നിങ്ങൾ ചെയ്യാനുദ്ദേശിക്കുക.എന്നിട്ട്
നിങ്ങൾ ഏതെങ്കിലും രീതിയിൽ പ്രയോജനപ്പെടുമോ എന്ന് സ്വയം ചോദിക്കുക
അതുകൊണ്ട് അയാൾക്ക് എന്തെങ്കിലും നേട്ടമുണ്ടാകുമോ ?അതയാൾക്ക് അയാളുടെ
ജീവിത ഭാഗധേയങ്ങളുടെ മേൽ എന്തെങ്കിലും
ഒരു നിയന്ത്രണം ഉണ്ടാക്കികൊടുക്കുമോ ? മറ്റൊരു
രീതിയിൽ പറഞ്ഞാൽ ;
നമ്മുടെ നാട്ടിൽ അധ്യാത്മികമായും
ശാരീരികമായും പട്ടിണിക്കിടക്കുന്ന കോടിക്കണക്കിന്
ആളുകൾക്ക് സ്വരാജ്യം നേടുന്നതിന് അത് സഹായകമാകുമോ ?
അപ്പോൾ സംശയങ്ങളില്ലാതാകുന്നതായും
അഹന്ത അലിഞ്ഞുപോകുന്നതായും
നിങ്ങൾക്ക് അനുഭവപ്പെടും.

# ഇത്താന്റെ അനിയത്തിക്കുട്ടി


ഷാന

ഒരു കൊച്ചു കഥ രണ്ട് അനാഥ കുട്ടികളുടെ കഥയാണ് . കുറച്ച് ദൂരെ രണ്ട് അനാഥകുട്ടികൾ തെരുവിലൂടെ ഭിക്ഷ എടുക്കുകയാണ്. ചേച്ചിയും അനിയത്തിയും ചേച്ചിയുടെ പേര് സുഹറ എന്നും അനുയത്തിയുടെ പേര് അനു എന്നും. സുഹറക്ക് അനുവും അനുവിന് സുഹ്റയും മാത്രം ആണ് ഉള്ളത് . സുഹറ അനുവിനെ പഠിപ്പിക്കാൻ ശ്രമിക്കുന്നു. സുഹറ അനുവിനെ ഒരു ഗവൺമെന്റ് സ്ക്കൂളിൽ ചേർത്തു. നാലാം ക്ലാസ് വിദ്യാർഥിയാണ് അനു. വീട്ടു ജോലിചെയ്ത കാശുകൊണ്ടാണ് സുഹറ അനുവിനെ പഠിപ്പിക്കുന്നത് . രണ്ട് വീട്ടിൽ നിന്നാണ് സുഹറ ജോലി ചെയ്യുന്നത് ഒരു വീട്ടിൽ കിടക്കും. പഠനത്തിൽ മിടുക്കിയാണ് അനു. എട്ടാം ക്ലാസ് വരെ പഠിച്ച സുഹറ അനുവിന് പറഞ്ഞുകൊടുക്കും .... അങ്ങനെ അനു പത്താം ക്ലാസിൽ എത്തി സുഹറക്ക് അനുവിനെ ഓർത്ത് വളരെയധികം പേടി ഉണ്ട് .സുഹറ പറഞ്ഞു മോളെ നീ പത്തിൽ വിജയിച്ച് ഡോക്ടർ ആവണം. എന്നിട്ട് എനിക്ക് അസുഖം വരുമ്പോൾ നീ എന്നെ ചികിത്സിക്കണം. അനു അത് കേട്ട് ഒന്നു ചിരിച്ചു. എന്നിട്ട് പറഞ്ഞു ഡോക്ടർ ആവാം എന്നിട്ട് എന്റെ ഇത്താത്തയെ ഞാൻ പൊന്നുപോലെ നോക്കും. അങ്ങനെ ഞാൻ ഡോക്ടർ ആയി പണം സമ്പാദിക്കുമ്പോൾ ആ പണം കൊണ്ട് നമുക്കു ഒരു കൊച്ച് വീട് പണിയാം. അതു കേട്ടപ്പോൾ സുഹറ കരഞ്ഞു.മാസങ്ങൾ നീണ്ടു. പത്താം ക്ലാസിൽ അനു വിജയിച്ചു .ആങ്ങനെ അവൾ പ്ലസ് വണ്ണിൽ പ്രവേശനം നേടി പഠിച്ചു . എല്ലാ ക്ലാസിലും അനു ഉയരങ്ങളിൽ എത്തി. ഡോക്ടറാവാൻ അധികം പണം വേണം എന്ന് പറഞ്ഞപ്പോൾ അനു ഡോക്ടർ ജോലി വേണ്ടന്ന് വെച്ചു. സുഹറയുടെ അടുത്തുചെന്ന് പറഞ്ഞു, താത്താ എനിക്ക് ഡോക്ടർ ആവണ്ട ഞാൻ താത്താന്റെ കൂടെ ജീവിച്ചോളാം. ഇതിനാണോ ഞാൻ നിന്നെ പഠിപ്പിച്ചത് എന്ന് ചോദിച്ച് സുഹറ പൊട്ടിക്കരഞ്ഞു. "ഇത്രയും കാലം പണിയെടുത്ത് ഞാൻ ജീവിച്ചത് നിന്നെ പഠിപ്പിച്ചത്. എന്താ നിനക്ക് പറ്റിയത് നീ ഇതൊന്നുമല്ലല്ലോ പറഞ്ഞിരുന്നത്. പിന്നെന്താ മോളെ". "അത് ഡോക്ടർ ആവാൻ പഠിച്ചിട്ട് കാര്യം ഇല്ല, അത്യാവശ്യം പണം വേണം". "പണമോ, അതാണോ നിന്റെ പ്രശ്നം, അത് ഞാൻ ഒപ്പിച്ചോളാം എന്റെ മോള് അതോർത്ത് പേടിക്കണ്ടാ .. നീ പഠിച്ചാൽ മാത്രം മതി നല്ല കുട്ടിയാവണം ട്ടോ". അങ്ങനെ പഠിച്ച് അവൾ അറിയപ്പെടുന്ന ഡോക്ടർ ആയി. ഡോ. അനു എന്ന പേരിൽ പ്രസിദ്ധയായി . അവരുടെ ആഗ്രഹം പോലെ ഒരു കൊച്ചു വീട് വെച്ച് അവർ സുഖമായി ജീവിച്ചു അനു ഇത്താത്തയെ പൊന്നുപോലെ നോക്കി .സുഹറ ഒരു നാൾ പറഞ്ഞു. മോളെ നമ്മുടെ കഴിഞ്ഞ ജീവിതത്തെ കുറിച്ച് മോൾക്കറിയാമല്ലോ. അപ്പോൾ മോള് രോഗികളെ പണമില്ലാതെ ചികിത്സിക്കണം കുറച്ച് പണം മാത്രം വാങ്ങിയാൽ മതി .എന്റെ താത്താന്റെ ഇഷ്ടം പോലെ തന്നെ അനു പറഞ്ഞു. സുഹറയുടേയും അനുവിന്റേയും ജീവിതം സന്തോഷം നിറഞ്ഞതായി മാറി .

# ജീവന്റെ തുടിപ്പുകൾ

മുഹമ്മദ് ഫാരിസ് വി 8 D

അന്ത്യം കയ്യിലെടുക്കും മാലാഖ
തന്നരികിലേക്ക് വരുമ്പോൾ
നിൻ മനസ്സ് അരുളും
മരണമെന്ന ഭീകര സത്യം അടുത്തു
നിൻ ജീവൻ തുടിപ്പുകൾ പിടഞ്ഞ്
തീർക്കും
നിൻ ആയിരം സ്വപ്നങ്ങളെ
ഓരോ ആത്മാവും പറഞ്ഞ് തീർക്കും
നിൻ ആത്മാവിൻ പ്രവർത്തനങ്ങളെ
ഓരോ ആളും കണ്ണീർ പൊഴിക്കും
ജീവൻ തുടിപ്പുകൾ നിലച്ച നിൻ
ജഡത്തിൻ മീതെ




# വിരാമ ദിനം

മുഹമ്മദ് ഫാരിസ് വി 8 D

മൂന്ന് വർഷം അവബോധം നുകർന്ന
വിദ്യാലയം ,കരയാതെ കണ്ണിൽ
ദുഃഖ നീർ പൊഴിക്കും നാളിന്
വിരാമ ദിനത്തിൽ വിദ്യാർഥികൾ  ഇടികൂടി
ആരാമമാക്കി വിദ്യാലയം
അവസാന നിമിഷം ഖേദം പ്രകടമാക്കി
പ്രബുദ്ധ പണ്ഡിതന്മാർ വിട്ടു പിരിയും
അഭിലഷനീയമായ നാളിത്
പിന്നെ പറഞ്ഞു ഗദ്ഗദം നിറഞ്ഞ
സ്വരത്തിൽ
വീണ്ടും കാണുമോ പിന്നൊരിക്കൽ
ഇത്രയും കാലത്തെ സന്തോഷത്തിന്
യവനികയിട്ട നാളിത്
അവസാനം ഞാൻ തിരിഞ്ഞു
നോക്കിയപ്പോൾ
പരോക്ഷമായ തൻ വിദ്യാലയം

## കുട

സ്വരൂപ സി പി 8C



കണ്ണീർ മഴയത്തും
സങ്കടവെയിലത്തും
എനിയ്ക്ക് നിവർത്തി പിടിക്കാൻ
നീയെന്ന കുടയുണ്ട്...................
വെയിലും മഴയും അറിയാതെ വന്ന്
പറയാതെ പോയാൽ പിന്നെ
മടക്കിയൊതുക്കി മനസ്സിൽ
സൂക്ഷിക്കാവുന്ന
ലോകത്തിലെ ഏറ്റവും വലിയ ചെറിയ
കുട

ആരിൽ നിന്നും ഒന്നും നഷ്ടപ്പെട്ടിട്ടില്ല
നഷ്ടപ്പെട്ടതായി അവർ
ഭയപ്പെടുകയാണ്......
അതാണ് അവരുടെ ജീവിതത്തിന്റെ
മധുരം നുകരാൻ കഴിയാതെ പോകുന്നത്

**സ്വരൂപ സി പി**

**8 സി**





## പീലിക്കണ്ണ്

ശിവ വി പി 8 സി

നൂറിഴയുള്ളൊരു പീലി കണ്ടു ഞാൻ
കാളിന്ദി തീരത്തെ പീലി കണ്ടു....
ഓരോയിഴക്കും മണിമുത്ത് നല്ല-
പോലുള്ള നക്ഷത്രക്കൊമ്പത്ത്
കൊമ്പത്തിരിക്കുന്നതാരാരോ,
മുള-ന്തണ്ടിൽ വിടരുന്ന രാഗങ്ങൾ
രാഗങ്ങൾ മിന്നിത്തെളിയുന്നു അവ-
രോഹണാരോഹണ ചിത്രങ്ങൾ
അത്തരം കണ്ണുള്ള പീലിയേതോ
പ്രപഞ്ചോത്തരമായതു ചൊല്ലിടുവേൻ

## കത്തിയെരിയുന്ന മെഴുകുതിരിയിലും......



സ്വരൂപ സി പി 8C

തിരിയെ ചുട്ടുകൊല്ലാൻ
തീരാത്ത പകയുമായ്
സ്വന്തം തലയിൽ തീ കൊടുത്ത മെഴുക്
സ്വയമെരിഞ്ഞു തീരും മുമ്പ്
ഇങ്ങനെ എഴുതി വെച്ചു;
ഞാനെന്റെ ജീവിതമുരുക്കി
അന്യർക്ക് വെളിച്ചമേകി.......!
എന്നിട്ടും ഇനിയും ഈ മനുഷ്യർ ?

## നക്ഷത്ര കാമുകി

നിരഞ്ജന വി പി 8 സി

കാമുകിയെ കണ്ടെത്താനേതോ
ശൂന്യ സ്ഥിതികളിലലയുന്നെൻ
മനസ്സു നിറഞ്ഞു കവിഞ്ഞൊരു വിരഹം...
മിഴിനീരായിട്ടൊഴുകുന്നേ
പ്രാപിക്കാനായണയാൻ വെമ്പും
കാമുകിയൊരു ചെറു നക്ഷത്രം.
വികാരവായ്പ്പോടവൾ കൺചിമ്മി-
ക്കാണിച്ചെന്നെ വിളിക്കുന്നു.
ബാല്യത്തിൽ ഞാൻ കേളികളാടിയ-
തവളോടൊന്നിച്ചാണല്ലേ...
സുഖഭാവനകൾ എന്നെ വെടിഞ്ഞി-
ട്ടവളുടെ ചാരേയണയുന്നു.
അവളുടെ ചുറ്റും ഞാൻ കാണുന്നു
വിസ്മയമത്ഭുത ലോകങ്ങൾ





# എല്ലാം അമ്മയാകുമ്പോൾ

നിഖിൽ കുമാർ 9 C

'അ' മുതൽ അമ്പത്തൊന്നക്ഷരം പഠിപ്പിച്ചെന്നെ -
നാട്ടുഭാഷതൻ സൃഷ്ടിയും ചൈതന്യവും മനസിലിട്ടെന്നവ
അമ്മയായതു ഭൂമിയും അമ്മതന്നെ പ്രകൃതിയും
അമ്മയാകുന്നു സർവ്വവും വേരാം ജീവിത പ്രത്യാശയും
അമ്മതൻ മരണത്തിൽ അഗാധമായ് വീണുപോം
തൻ പിഞ്ചു കുഞ്ഞുങ്ങളിൽ -
ഇരുളിമാകാരത്തിൽ ഒഴുകുവേ അഗ്നിസ്ഫുലിംഗങ്ങൾ
അമ്മതൻ വപുസ്സ് ശ്മശാനത്തിലേക്കെടുക്കവേ
'ക്ഷ' പിടിച്ചേതോ മൃഗം അലറുന്നതാ ശ്മശാനവേദിയിൽ നിന്ന്
കരയുന്നമക്കളിൽ കണ്ണുകളാം നിർജീവം
കുടുംബത്തിൻ നിലവിളക്കണയുകയാം അന്ന്
സനാഥയാം മക്കളിന്നനാഥമായ്തീരവെ
എവിടെ നിന്നോ കേൾക്കേ ഏതൊന്നതിന്റെ ശബ്ദം -
മനസ്സൊന്നിടറിയെരിഞ്ഞു പോയെങ്കിലും
എന്നമ്മ തൻ മുഖം എന്നെയുയർത്തിപ്പിടിക്കവേ
ഞാനൊന്നു തേങ്ങിക്കരഞ്ഞപ്പോൾ
ഇററുവീണ കണ്ണീരിൽ
എന്നമ്മതൻ മുഖം പതിഞ്ഞിരുന്നു



വര - അരവിന്ദ്

# മരം ഒരു വരം

ഷഫ മോൾ കെ വി .8 H

പണ്ടുപണ്ട് കുറേ അകലെ ഒരു ഗ്രാമം ഉണ്ടായിരുന്നു. അവിടെ കുറേ ആളുകൾ താമസിച്ചിരുന്നു. അവർ സത്യസന്ധരും അധ്വാന ശീലരും ആയിരുന്നു. ആ ഗ്രാമത്തിന് കൃഷ്ണമൂർത്തി എന്നൊരു രാജാവ് ഉണ്ടായിരുന്നു. ആ രാജാവ് അദ്ദേഹത്തിന്റെ നാട്ടിലെ ആളുകളെ ഒരു പാട് സ്നേഹിച്ചിരുന്നു. അതുപോലെ തന്നെ നാട്ടുകാരും ഒരു പാട് രാജാവിനെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്തിരുന്നു .ഒരു ദിവസം രാജാവ് തന്റെ നാട്ടിലെ ജനങ്ങളെ മുഴുവൻ വിളിച്ചുവരുത്തി ഒരു വിശാലമായ പ്രദേശം -കാണിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു, "നിങ്ങൾക്ക് വേണ്ട സ്ഥലം ഇതിൽ നിന്നും എടുക്കുക". ഇത് കേട്ടപ്പോൾ എല്ലാവർക്കും സന്തോഷമായി. അവർ അവർക്കു വേണ്ട സ്ഥലം എടുത്തു. അവിടെ അവർ വീട് വെക്കുകയും കൃഷി ആരംഭിക്കുകയും ചെയ്തു. പക്ഷെ അവർ ഒരു മരം പോലും നട്ടുവ ളർത്തിയില്ല. അങ്ങനെ ഒരുപാട് കാലം കഴിഞ്ഞ് ആ നാട്ടിൽ വരൾച്ച അനുഭവപ്പെട്ടു. കുടിക്കാനും കുളിക്കാനും ഒന്നും വെള്ളം ഇല്ല. ഒന്നിനും വെള്ളമില്ലാതെ അവർ കഷ്ടപെടുകയാണ്. തന്റെ നാട്ടിലെ ജനങ്ങൾ കഷ്ടപ്പെടുന്നത് കാണാൻ വയ്യാതായി. ഇങ്ങനെ രാജാവ് ഒരു തീരുമാനം എടുത്തു. വെള്ളവും പച്ചപ്പും ഉള്ള പ്രദേശം കണ്ടുപിടിക്കുക. അതായിരുന്നു രാജിവിന്റെ തീരുമാനം. അതിന് വേണ്ടി കുറേ ഭടന്മാരെ രാജാവ് അന്യ രാജ്യങ്ങളിലേക്ക് അയച്ചു. അങ്ങനെ ഭടന്മാർ വെള്ളവും പച്ചപ്പും ഉള്ള സ്ഥലം അന്വേഷിച്ച് നടക്കാൻ തുടങ്ങി. അങ്ങനെ അവർ നല്ല പച്ചപ്പും ശുദ്ധജലവും ഉള്ള പ്രദേശം കണ്ടുപിടിച്ചു. ഉടനെ തന്നെ ഭടന്മാർ രാജാവിനെ വിവരം അറിയിച്ചു. വിവരം അറിഞ്ഞ് ജനങ്ങൾ സന്തുഷ്ടരായി. അങ്ങനെ രാജാവും ജനങ്ങളും ആ നാട്ടിലേക്ക് യാത്ര തുടങ്ങി. അവർ കുറേ നടന്ന് നടന്ന് ആ പ്രദേശത്ത് എത്തിച്ചേർന്നു .അങ്ങനെ അവർ അവിടെ പാർപ്പുറപ്പിച്ചു. കൃഷിച്ചെയ്യുകയും മരങ്ങൾ വച്ച് പിടിപ്പിക്കുകയും ചെയ്തു. അങ്ങനെ അവിടെ നിറയെ മരങ്ങൾ വളർന്നു വന്നു. അവിടെ ആകെ പച്ചപ്പുള്ള പ്രദേശം ആയി മാറി. പിന്നീട് അവിടെ വരൾച്ച ഉണ്ടായിട്ടില്ല. ഉണ്ടാവുകയും ഇല്ല. അങ്ങനെ അവർ ഒരു പാട് കാലം സുഖമായി ജീവിച്ചു.

ഗുണപാഠം - ഏത് നാടായാലും ആരുടെ പറമ്പായലും മരങ്ങൾ നട്ടുവളർത്തുക . ഇല്ലെങ്കിൽ ഇതുപോലെ പല അപകടങ്ങളും ഉണ്ടാകും. അത് കൊണ്ടാണ് പഴയ കാലത്തെ ആളുകൾ 'മരം ഒരു വരം' ആണെന്ന് പറയുന്നത്.



# പുഴ വഴി തെറ്റിയപ്പോൾ

അനുഭവക്കുറിപ്പ്

**തന്ദുൽ (8 D)**

ഇന്ന് ശനിയാഴ്ച

2018 ആഗസ്ററ് 18. ഇപ്പോൾ സമയം 8 മണി 17 മിനിററ്. രാവിലെ കഴിഞ്ഞ മൂന്നു ദിവസത്തെ അപേക്ഷിച്ച് ഇപ്പോൾ ഞങ്ങൾ സുഖമായിരിക്കുന്നു . മിനിയാന്ന് അർദ്ധരാത്രി 12 മണിയായിക്കാണും. അടുത്ത വീട്ടിലെ റുബുക്കാക്കാന്റെ ശബ്ദം കേട്ട് അച്ഛനും ,അച്ഛമ്മയും ,അമ്മയും എഴുന്നേറ്റു . വൈദ്യുതി ഇല്ലാത്തതിനാൽ ഞങ്ങൾ നേരത്തേ ഉറങ്ങിയിരുന്നു . റുബുക്കാക്ക പറഞ്ഞു " പ്രമോദേട്ടാ കുറ്റിക്കാട്ടിൽ ബണ്ട് പൊട്ടിയിട്ടുണ്ട് കിഴക്ക് ഭാഗത്ത് നിന്നും വെള്ളത്തിന്റെ മറച്ചിലുണ്ട് ഉറങ്ങണ്ട കരുതിയിരുന്നോളൂ". പാവം എല്ലാ വീട്ടിലും നടന്ന് പറയുകയാണ്.


അച്ഛനും,അച്ഛച്ഛനും ഉമ്മറത്ത് ആ ഇരുത്തം ഇരുന്നു ഒരു മണി, രണ്ടു മണി, മൂന്നു മണി അങ്ങനെ ആറ് മുപ്പത് ആകുന്നവരെ ഇരുന്നു . രണ്ട് മൂന്ന് മെഴുകുതിരികൾ കത്തിതീർന്നു. മണിക്കൂറുകൾ കൂടുന്നതനുസരിച്ച് വെള്ളവും കൂടിവന്നു. ഞങ്ങളുടെ പറമ്പ് സമീപത്തെ സ്ഥലങ്ങളെ അപേക്ഷിച്ച് ഇത്തിരി ഉയർന്നതാണ് . പറമ്പിന്റെ ഏറ്റവും അറ്റത്താണ് ഞങ്ങളുടെ വീട്. എന്നിട്ടും പറമ്പ് പുഴയായത് വിശ്വസിക്കാൻ കഴിഞ്ഞില്ല .അച്ഛനും അച്ഛച്ഛനും പറമ്പിന്റെ പടിക്കൽ വരെ പോയി വന്നത്രേ . കഴുത്തൊപ്പം വെള്ളമുണ്ടെന്ന് പറയുന്നത് കേട്ടാണ് ഞാൻ ഉണർന്നത്. മുന്നിൽ കണ്ട കാഴ്ച എന്നെ അത്ഭുതപ്പെടുത്തി . ഭാരതപ്പുഴയുടെ ഒരു ഭാഗം ദിശ തെറ്റി വീടിന് മുന്നിലൂടെ ഒഴുകുന്നു . പൊട്ടക്കലക്ക് വെള്ളം. തോണി നിർമിച്ച് ഒഴുക്കി നോക്കി. നല്ല ഒഴുക്കുണ്ട്. എങ്ങനെയോ ഉച്ചവരെ കഴിച്ചു കൂട്ടി.

സ്വതന്ത്ര്യ ദിനത്തിന് തലേ ദിവസം മുടങ്ങിയതാണ് വൈദ്യുതി ഇപ്പോഴും ഇല്ല. ഉച്ചയ്ക്ക് ഉണ്ണിയേട്ടൻെറ വീട്ടിലെ നിതീഷേട്ടനും സന്ദീപേട്ടനും വന്നു പറഞ്ഞു . “ക്യാമ്പിലേക്ക് മാറിക്കോളൂ . വില്ലേജ് ഓഫീസിൽ നിന്ന് വഞ്ചി അയക്കുന്നുണ്ട്. അയൽപക്കത്തെ വീട്ടുകാരെല്ലാം അടുത്തുള്ള വലിയ വീടായ ഉണിക്കാട് വളപ്പിലേക്ക് പോയിരുന്നു . അവിടെ വീടിന്റെ തറയേക്കാൾ ഉയരത്തിലുള്ള തറയാണ് . എന്നിട്ട് പോലും അവിടെ ആരുമില്ല. എന്ന് അവിടെ സ്ഥാനം പിടിക്കാൻ പോയ അച്ഛനും ഞെട്ടി. ആ വിവരം ഞങ്ങളെ അറിയിച്ചു. അപ്പോഴാണ് അച്ഛന്റെ ആത്മസുഹൃത്തായ രാമകൃഷ്ണൻ മാഷിന്റെ വീട്ടിലേക്ക് ചെല്ലാൻ ഫോൺ കോൾ. മാഷ് വീട്ടിലേക്ക് വരാൻ ആവശ്യപ്പെട്ടു . അച്ഛൻ ഞങ്ങളുടെ നിസ്സഹായവസ്ഥ അവരെ അറിയിച്ചു " എവിടെയെത്തണമെങ്കിലും മാഷേ ഈ വെള്ളത്തിൽ നിന്ന് കര കയറേണ്ടേ " എന്ന്. പിന്നങ്ങോട്ട് വസ്ത്രങ്ങളുടെ പാക്കിങ് . അതും കഴിഞ്ഞ് ഞങ്ങൾ രണ്ടും കൽപ്പിച്ച് ഇറങ്ങി. വീടിന്റെ പടി വരെ വെള്ളമെത്തിയിരുന്നു . അപ്പോഴാണവിടെ നിന്ന് ഷീജ ചേച്ചിയും സംഘവും വരുന്നത്. ഉണിക്കാട് വളപ്പിലായിരുന്നു അവർ . അവർ അവിടെ നിന്ന് പട്ടർമഠം എന്ന നാലുകെട്ടിലേക്ക് മാറിയിരുന്നു . ഉണിക്കാടു വളപ്പിൽ വീട്ടുകാരുടെ വീടിന്റെ മുന്നിൽ റോഡാണ് . അല്ല തോടാണ് ! ... അതു നീന്തി കടന്ന് സ്വാമിപ്പടി വരെ പോയി നേവിക്കാരെപ്പോലെ തോന്നിക്കുന്ന കുറച്ചാളുകളെ കൊണ്ടുവന്നു . അവർ നേവിക്കാരായിരുന്നില്ല . മറിച്ച് യാതൊരു പ്രതിഫലവും കിട്ടാതെ പാവങ്ങൾക്ക് വേണ്ടി പ്രയത്നിക്കുന്ന യുവാക്കളായിരുന്നു . അവർ ഞങ്ങളെ മൂസ ഹാജിയുടെ വീട്ടിലേക്ക്

കൊണ്ടുപോയി എന്നിട്ട് അവിടെ നിൽക്കാനും ആർമി ബോട്ട് വന്നാൽ അതിൽ പോകാനും പറഞ്ഞു . 2 മണിക്കൂർ കാത്തിരുന്നു. അവർ വന്നതേയില്ല. അപ്പോഴുണ്ട് മൂസഹാജിയുടെ മകൻ വാട്ടർ ടാങ്ക് മുറിച്ചതുമായി വരുന്നു. അതുമായി ആദ്യ ട്രിപ്പിൽ കുറച്ചാളുകളും പിന്നീട് ഞങ്ങളും പോയി രാവിലെ ബൈജുവേട്ടൻ പോകുന്നത് കണ്ട് കളിയാക്കിയിരുന്ന എനിക്ക് ഡ്രമ്മിൽ പോകേണ്ട ഗതിയായിരുന്നു അച്ഛനും അമ്മയും അമ്മായിയും നടന്നു . പാണ്ടി ലോറിയിൽ ആണ് അടുത്ത സാഹസം കാട്ടേണ്ടത് . പക്ഷേ ആദ്യം ആർമിക്കാർ ചതിച്ചതു പോലെ തന്നെ ഇപ്പോൾ ലോറിക്കാരും ചതിക്കുന്നു . അവരെപറഞ്ഞിട്ട് കാര്യം ഇല്ല മഹാത്മജി പറയുന്നതു പോലെ "അവസാനത്തവന് ആദ്യം",എന്നതല്ലേ അവരുടെ കർത്തവ്യം ഞങ്ങളേക്കാൾ ഒറ്റപ്പെട്ട ആളുകളെ രക്ഷിക്കാൻ ശ്രമിക്കുകയായിരുന്നു അവർ. അവസാനം ക്ഷമ നശിച്ചപ്പോൾ അവിടെ നിന്നും ഞങ്ങൾ ഇറങ്ങി . അരക്കൊപ്പം വെള്ളത്തിലാണ് നടന്നത് അച്ഛമ്മ വിറച്ചാണ് നടന്നത് . അച്ഛമ്മയേയും ഞങ്ങൾ കുട്ടികളേയും ആർമി ബോട്ടിൽ കയറ്റി . ഹിന്ദി നേരാവണ്ണം അറിയാത്ത ഞങ്ങളെന്തു ചെയ്യും ? അതിനാൽ അവർ അച്ഛച്ഛനേയും കയറ്റി അങ്ങനെ ഞങ്ങൾ കാവിലക്കാട് എത്തിയപ്പോഴേക്കും കിച്ചുവിന്റെ കപ്പാസിറ്റി തീർന്നു. അവൻ കരഞ്ഞു. അങ്ങനെ കാവിലക്കാട് പാലം വരെ വഞ്ചി പോയി . അവിടെ നിന്നും ലോറി കിട്ടി. മഴ ശപിച്ചു കൊണ്ടേയിരുന്നു .

വായുവിനെ മുറിച്ചു കൊണ്ടു പോകുന്ന ലോറികൾ വെള്ളത്തെ മുറിച്ചുകൊണ്ടു പോയി. ആ ലോറി ഡ്രൈവറെ എത്ര അനുമോദിച്ചാലും അധികമാവില്ല. മഴ പെയ്തതിനാൽ ആരൊക്കെയോ പന്തൽ നിവർത്തിപ്പിടിച്ചു. അതിനിടക്ക് കിച്ചു വീണ്ടുമൊന്ന് കരഞ്ഞു കാരണം വ്യക്തമല്ല .അങ്ങനെ അതിസാഹസികമായ യാത്രക്കൊടുവിൽ ഞങ്ങൾ രാമകൃഷ്ണൻ മാഷുടെ വീട്ടിൽ എത്തി. വല്ലാത്ത ഒരു ആശ്വാസമായിരുന്നു അപ്പോൾ അനുഭവപ്പെട്ടത്. ഞങ്ങളെല്ലാവരും കുളികഴിഞ്ഞ് ഭക്ഷണം കഴിക്കുന്നതിനിടയിൽ കിച്ചു ലോറിയിൽ നിന്നു കരഞ്ഞതിന്റെ കാരണം വെളിപ്പെടുത്തി. അതൊരു കൗതുകകരമായ വെളിപ്പെടുത്തലായിരുന്നു . ലോറിയിൽ ആരോ സഞ്ചിയിൽ കരുതിയ കോഴി തന്റെ കാലിൽ കൊത്തി ! എല്ലാവരും ആർത്ത് ചിരിച്ചു .

ഭക്ഷണ ശേഷം ഞങ്ങൾ സമാധാനത്തോടെ കിടന്നുറങ്ങി. പിറ്റേന്ന് വൈകീട്ട് ഞങ്ങൾ തിരിച്ചെത്തി. ഇപ്രാവശ്യത്തെ ഓണപ്പൂക്കളമെല്ലാം വെള്ളത്തിലായല്ലോ എന്ന സങ്കടത്തോടെ ഞാൻ വീട്ടിലേക്ക് കയറി. അപ്പോഴും കറന്റ് ഇല്ല. ഞങ്ങൾ ഇരുട്ടിലായതിന്റെ അഞ്ചാം ദിവസം. മെഴുകുതിരി വെളിച്ചത്തിൽ രാത്രി കഞ്ഞിയും ചമ്മന്തിയും കഴിച്ച് ഉറങ്ങി . പിറ്റേന്ന് രാവിലെ ഞാൻ പറമ്പിൽ നോക്കിയപ്പോൾ എന്റെ കണ്ണു തള്ളി. വെള്ളമില്ല . ഇവിടെ ഒരു പുഴയുണ്ടായിരുന്നല്ലോ ? അതെവിടെ!



# തണൽ മാഞ്ഞ വീചികൾ

**സുനിഷ സി പി 9F**

അച്ഛനെങ്ങോ പോയി എന്നു പറഞ്ഞെന്നമ്മ
നിലവിളിക്കേ ഞാൻ ചേദിക്കേ
അച്ഛനല്ലോഅമ്മെ ഈ പുതപ്പുമൂടി കിടന്നുറങ്ങുന്നത്

പിന്നീടെപ്പോഴോ പരിചയമില്ലാത്ത മുഖപടങ്ങൾ
ഞാൻ കണ്ടു .
ചോരയുടേയും കണ്ണീരിന്റേയും മാത്രം ഗന്ധം .
അപ്പോഴും ഞാനറിഞ്ഞില്ല
നിശ്ചലനാണ് അച്ഛനെന്ന്
എന്താണമ്മേ ?
അച്ഛനിതു വരെ എണീക്കാത്തത് ?
നാട്ടുകാരുടെ കുശുകുശുപ്പിൽ ഞാൻ കേട്ടു .
അച്ഛൻ നിഞ്ചലനാണെന്ന് .
ഞാൻ അച്ഛാ എന്ന ഉറക്കെ വിളിച്ചു കരഞ്ഞു
എൻ മനസ്സിൽ ചോദിപ്പിച്ചത് മരണമെന്ന ഒരു ചോദ്യം
അന്നു  നിർത്താതെ പെയ്ത മഴ ഇപ്പോഴും നിർത്താതെ -
പെയ്യുന്നു
എൻ വീട്ടിലെ തണലിനെ തേടുന്നു ഞാൻ




വര-യതീന്ദ്രൻ.8.D

# അതിജീവനത്തിന്റെ കേരളം

ശ്രീലക്ഷ്മി കെ .8 D

ഈ നൂറ്റാണ്ടിന്റെ തുടക്കത്തിൽ കേരളം കണ്ട ഏറ്റവും ഭീകരമായ പ്രളയത്തിൽ നിന്നും നാം പതിയെ കരകയറുകയാണ്. പ്രളയം ബാക്കി വച്ച മുന്നറിയിപ്പുകളും തിരിച്ചറിവുകളുമെല്ലാം ഒട്ടേറെയാണ്. മലയാളികളുടെ കാരുണ്യവും, മനുഷ്യസ്നേഹവുമെല്ലാം തിരിച്ചറിയാൻ ഇങ്ങനൊരു ദുരന്തം വേണ്ടിവന്നു.തോരാതെ മഴ പെയ്ത് ഡാമുകൾ തുറന്നപ്പോൾ മഹാപ്രളയം മലയാള നാടിനെ വിഴുങ്ങിയപ്പോൾ കടലിന്റെ മക്കളും മറ്റു ഒട്ടേറെ പേരും മലയാള കരക്ക് രക്ഷകരായതിന്റെ കഥകൾ വരും തലമുറയോട് അഭിമാനത്തോടെ നമുക്ക് പറയാനാകും. സാമൂഹിക സമുദായിക സംഘടനകളും സർക്കാർ സംവിധാനങ്ങളും എല്ലാം നടത്തിയ കഠിനമായ രക്ഷാ പ്രവർത്തനങ്ങൾ ആണ് പ്രളയത്തിന്റെ ആഘാതം കുറച്ചത്. കേരളം കണ്ട മഹാപ്രളയത്തിൽ നിന്നും അതിജീവന വഴിയിൽ വേഗത്തിൽ മുന്നേറുന്ന നമ്മുടെ മുന്നിൽ പ്രളയാനന്തര കേരളത്തിന്റെ മുന്നോട്ട് പോക്കുകളെ കുറിച്ച് കൃത്യമായി മുൻ കരുതലുകളെടുക്കണം ഇനിയൊരു ദുരന്തം ആവർത്തിക്കാതിരിക്കാൻ ആവശ്യമായ കരുതലുകൾ കൈക്കൊള്ളാതെ എല്ലാം മറന്ന് പഴയ വഴി തുടരൽ ആണ് ഇനിയും മലയാളിയുടെ ജീവിതശൈലി എങ്കിൽ നാം നമ്മുടെ മണ്ണിനെ ഒറ്റി കൊടുക്കുകയാണെന്നും പരീക്ഷണങ്ങളിൽ പാഠം ഉൾക്കൊണ്ടില്ല എന്നതും സത്യമാകും.

## കാർട്ടൂൺ കോർണർ



# വൃദ്ധസദനം

നൂർജഹാൻ 8D

എല്ലാവരുടേയും ജീവതത്തിൽ ഇങ്ങനെ തന്നെയാകും ഉണ്ടാവുക എന്നു കരുതാം. കാരണം നാം കാണുന്ന കാര്യങ്ങൾ കൊണ്ട് അതു പോലെ തന്നെ മനുഷ്യബന്ധത്തിന്റെ വേരുകൾ അറുത്തു മാറ്റുന്ന, അങ്ങനെയല്ല അറുത്തു മുറിക്കുന്നമനുഷ്യരുടെ ലോകത്തിൽ ഇന്നുള്ള ഒരു ജീവിത ശൈലിയാണ് മാതാപിതാക്കളെ ഉപേക്ഷിക്കൽ. അതിന് വേണ്ടി ഒരു ഭവനവും വൃദ്ധസദനം. വൃദ്ധസദനം എന്ന ഈ പേര് കേൾക്കുമ്പോൾ ഉള്ളിലെവിടെയോ ഒരു സഹതാപം ഉണ്ടാകാറില്ലേ .. ? പോകാൻ ഇവർ വാശി പിടിക്കുന്നതാണോ?അതോ നിർബന്ധിച്ച് കൊണ്ടാക്കുന്നതോ ?

മിക്ക വൃദ്ധസദനങ്ങളും അങ്ങനെയൊരു ജീവിതം ആഗ്രഹിക്കുന്നില്ല .അവർക്ക് ഇഷ്ടം മക്കളോടൊത്ത് സ്വന്തം വീട്ടിൽ സന്തോഷത്തോടെ കഴിയുന്നതാണ് . അതിനാണ് അവർ മക്കളെ പഠിക്കുന്നതും ആവശ്യങ്ങൾ നിറവേറ്റി വളർത്തുന്നതും. പക്ഷേ തികച്ചും യാദൃച്ഛികമായ ഒരു അവസാനം അല്ലെങ്കിൽ ഒരു ജീവിതം ആണ് അവർക്ക് ലഭിക്കുന്നത് . ഒരു മകനെ അല്ലെങ്കിൽ മകളെ നൊന്തു പ്രസവിച്ച് വളർത്തി വിദ്യാഭ്യാസം നൽകുന്നത് തിരിച്ച് മുഖത്തടിക്കാൻ ആണെങ്കിൽ അവൾ , അവൻ എന്താണ് നേടിയത് .

വൃദ്ധസദനം വൃദ്ധജനങ്ങൾക്ക് ഒരു ജയിൽ ആണ്. സമയമാകുമ്പോൾ ഭക്ഷണം വരുന്നു . അവിടെ പോകരുത് ഇവിടെ പോകരുത്. സത്യത്തിൽ ജയിലിനേക്കാൾ വലിയ തടവറ. അവിടെ നിന്നുകൊണ്ട് അവിരിലോരോത്തരും ആലോചിക്കാതിരുന്നിട്ടുണ്ടാവില്ല . ഒരു മകൻ അല്ലെങ്കിൽ മകൾ, അവർക്ക് വിദ്യ പകർന്നു കൊടുക്കുന്നത് ഇത്ര വലിയ തെറ്റാണോ ? എന്ന് ആണെങ്കിൽ തീർച്ചയായും മാതാപിതാക്കൾ വൃദ്ധസദനത്തിലേക്ക് പോകേണ്ടവരാണ്. മാതാപിതാ ഗുരു ദൈവം എന്ന വാക്ക് മഹത്വമേറിയതാണ് മക്കളെ പഠിപ്പിച്ച് ഡോക്ടറും എഞ്ചിനീയറും,അഡ്വക്കേറ്റുമായി മാറ്റുമ്പോൾ അതു വരെ അവരോടൊപ്പം നിന്ന മാതാപിതാക്കൾ ഭാരമാകുന്നു . ഇതെന്തു കൊണ്ടാണ്? ഭക്ഷണവും വെള്ളവും വായുവും അവർ അർഹിക്കുന്നതുപോലെ അതിനേക്കാൾ ഉപരിയായി മക്കളിൽ നിന്നുള്ള സ്നേഹം അവർ പ്രതീക്ഷിക്കുന്നു . എന്നാൽ മക്കൾ തിരിച്ചുനൽകുന്നത് വിഷമവും ഒറ്റപെടലും . ഇങ്ങനെ പോയാൽ വരും തലമുറടെ മാതാപിതാക്കൾ മക്കളെ പഠിപ്പിക്കില്ല കാരണം വിദ്യ അഭ്യസിക്കുന്നവരാണ് ക്രൂരതകളും മറ്റു ഇതുപോലുള്ള പ്രവർത്തികൾ ചെയ്യുന്നത് അപ്പോൾ ഏക മാർഗ്ഗം ഇതു തന്നയല്ലേ ..


തലയിൽ വെച്ചാൽ പേനരിക്കും താഴെ വച്ചാൽ ഉറുമ്പരിക്കും എന്ന് പറഞ്ഞ് ഊണിലും ഉറക്കത്തിലും അവരെ വളർത്തി കൊണ്ടുവരുന്ന മക്കളാണ് നമ്മൾ . ആ മക്കൾ നമ്മോട് മോശമായി പെരുമാറിയാൽ ഓർക്കുക നാളെ നമ്മളോടും നമ്മുടെ മക്കൾ ഇതു പോലെ പെരുമാറിയേക്കാം . അപ്പോഴാണ് നമ്മുടെ മാതാപിതാക്കൾ അനുഭവിച്ച ഒറ്റപെടലുകളും വേദനകളും നമ്മൾ അനുഭവിക്കേണ്ടി വരുക . വൃദ്ധസദനത്തിലെ ഓരോ അമ്മയ്ക്കും ഉണ്ടാകും ഓരോ പ്രതീക്ഷകളും ആഗ്രഹങ്ങളും നല്ലൊരു നാളെയും വളരെ ദുഃഖിപ്പിക്കുന്ന ഭൂതകാലവും പങ്കുവയ്ക്കാൻ . മാതൃസ്നേഹം വാക്കുകളിൽ ഒതുങ്ങുമ്പോഴാണ് വൃദ്ധസദനങ്ങൾ പെരുകുന്നത് .

ദിവസവും പത്ര മാധ്യമങ്ങൾ നിരീക്ഷിക്കുകയാണെങ്കിൽ ഇത്തരം വാർത്തകൾ പെരുകി വരുന്നതായി കാണാം. ഒരു മകന് എങ്ങനെയാണ് ഇങ്ങനെ ക്രൂരതകാട്ടാൻ കഴിയുന്നത്? പിതാവിനോടും മാതാവിനോടും. ഇതുമാറാൻ നല്ലൊരു സമൂഹത്തെ വാർത്തെടുക്കേണ്ടത് നമ്മുടെ ചുമതലയാണ്. നല്ലൊരു സമൂഹം ഉടലെടുക്കണമെങ്കിൽ അതിലേക്ക് കാലെടുത്തുവക്കുന്ന ഓരോ പൗരനും അവന്റെ കടമകളെ കുറിച്ച് കൃത്യമായ

ബോധമുണ്ടാകേണ്ടത് വളരെ അത്യന്താപേക്ഷികമായി മാറണം. എങ്കിൽ മാത്രമേ നല്ല സംസ്കാരമുള്ള ഒരു സമൂഹത്തെ വാർത്തെടുക്കാൻ കഴിയൂ.

ഒരു വ്യക്തിയെ സംബന്ധിച്ചിടത്തോളം കുടുംബം എന്ന് പറയുമ്പോൾ അതിലാദ്യ കണ്ണി അവന്റെ അമ്മയാണ് എന്ന സത്യം ഓരോ പൗരനും അറിയാതെ പോകുന്ന ഒരു കാര്യമാണ്. മനുഷ്യത്വം തൊട്ടുതീണ്ടാത്ത സമൂഹം. ഈ സമൂഹത്തിൽ നമ്മൾ നിലനിൽക്കാനുള്ള കാരണം ആരാണ് ? മാതാപിതാക്കൾ. പക്ഷെ, ഇന്ന് അവരുടെ മഹത്വത്തെ കുറിച്ച് അറിയാതെ പോകുന്നു. വരും തലമുറക്കും ഇപ്പോഴത്തെ തലമുറക്കും മാതാപിതാക്കൾ ഒരു ഭാരമായി മാറുന്നു. ഇതുകൊണ്ട് വൃദ്ധ മാതാപിതാക്കൾ റോഡരികിൽ ഉറുമ്പരിച്ച നിലയിൽ കണ്ടെത്തുന്നു. മാതാപിതാക്കളെ വൃദ്ധസദനങ്ങളിലാക്കാൻ ഇവർ മതവും ജാതിയും നോക്കുന്നില്ല . ഈ മക്കൾ പിന്നീട് വർഗ്ഗീയ വാദം പറഞ്ഞ് പാർട്ടികളിൽ സജീവമാകുന്നു .

ഈ രീതിയിൽ ഒറ്റപ്പെടൽ അനുഭവിക്കുന്ന ഓരോ മാതാപിതാക്കളുടെ അടുത്തും നമ്മുടെ സാന്ത്വനത്തിന്റെ കരങ്ങൾ എത്തേണ്ടതുണ്ട് . അങ്ങനെ മരിച്ചു പോയി എന്നു വിശ്വസിക്കുന്ന ജനങ്ങൾക്കെതിരെ നമ്മൾ തിരിച്ചടിക്കണം . അത് വിദ്യാർഥികളിൽ നിന്ന് തുടങ്ങണം



# വറ്റി തീരാത്ത കണ്ണീരുമായി പ്രകൃതി

**നന്ദന കെ പി ,9 ഡി**

പ്രകൃതി അത് അമ്മയായിരുന്നു. പഴയ കാല മനുഷ്യ സമൂഹത്തിന്. പുതിയ പുതിയ തലമുറകൾ വളരും തോറും പ്രകൃതി അവയിൽ നിന്നും അകന്നു പോവുകയാണ്. നിങ്ങൾ എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ? ഈ പ്രകൃതി ഇല്ലായിരുന്നെങ്കിൽ നമ്മുടെ അവസ്ഥ! ഈ ലോകത്ത് പലതരത്തിലുള്ള സൗന്ദര്യമുണ്ട്. എന്നാൽ പ്രകൃതി സൗന്ദര്യം ഒന്നു വേറെ തന്നെയായിരുന്നു. എന്നാൽ ഇന്ന് നമുക്ക് അത് ആവോളം ആസ്വദിക്കാൻ ആവുന്നില്ല. കാരണം പ്രകൃതി തന്നെ ഇല്ലാതാവുകയാണ്. പ്രകൃതി നമ്മളെ മക്കളെപ്പോലെ കണ്ട് ആവോളം സുഖ സൗകര്യങ്ങൾ തന്നു. എന്നാൽ നമ്മളതെല്ലാം ചൂഷണം ചെയ്ത് ഇല്ലാതാക്കിക്കൊണ്ടിരിക്കുന്നു. എന്തായിരുന്നു പ്രകൃതി എന്ന് വരും തലമുറയ്ക്ക് അറിയുമോ എന്ന കാര്യം വളരെ അസാധ്യമാണ്. ഒറ്റവാക്യത്തിൽ പറഞ്ഞാൽ പ്രകൃതി നശിച്ചു. ഇന്നീ അവശേഷിക്കുന്നത് പച്ചപ്പ് മാത്രമാണ്. എന്നാൽ പച്ചപ്പാർന്ന വൃക്ഷങ്ങളേയും മനുഷ്യൻ തന്റെ തീരാത്ത ആവശ്യങ്ങൾക്കു വേണ്ടി പ്രയോജനപ്പെടുത്തുകയാണ്. ഈ പ്രകൃതിയിലുള്ള പകുതിയോളം പക്ഷി മൃഗാദികൾക്കും വംശനാശം സംഭവിച്ചു. ആവുന്നത്രയും പ്രകൃതി ക്ഷമിച്ചിരുന്നു. എന്നാൽ സ്വാർഥനായ മനുഷ്യന്റെ ക്രൂര പ്രവർത്തനങ്ങളാൽ ഇന്ന് പ്രകൃതിദുരന്തങ്ങൾ ഏറെയാണ്. പ്രകൃതിയുടെ കണ്ണിൽ ഇനിയും ഒരു തുള്ളി കണ്ണുനീർ ബാക്കിയുണ്ടെങ്കിൽ അതിനെ സംരക്ഷിക്കാൻ നമുക്ക് ഇനിയും സമയമുണ്ട്. വരും തലമുറയ്ക്കായി നല്ലൊരു പ്രകൃതിയെ കാഴ്ചവയ്ക്കാൻ നമുക്ക് ഒന്നായി കൈകോർക്കാം

# പ്രകൃതിക്കുമുണ്ട് പ്രതികാരം

നന്ദന പി പി .10 സി

അന്നായിരുന്നാദിനം
പ്രകൃതി തൻ ഭ്രാന്തമാം പ്രതികാരേച്ഛയിൽ
വീണു പോം
ജന്തു- മൃഗ- സസ്യലതാദികൾ തൻ രോദനം
ഊറ്റിയും കുഴിച്ചും നികത്തിയും
പ്രകൃതി  വിഭവങ്ങളെ!ഇനിയും
നിനക്ക് മതിയായില്ലേ!
വർണശബളമായ പ്രകൃതി ദൈവം നിനക്കായേകി
നീ എന്തിന്നതിൻ പ്രാണനെടുത്തു.
ഇന്നു നിൻ പ്രാണൻ പിടയുമ്പോൾ
നീ അറിയുന്നു അമ്മതൻ രോദനം
സൂക്ഷിച്ചു കൊൾക! സൂക്ഷിച്ചു കൊൾക
പ്രകൃതിക്കുമുണ്ട് പ്രതികാരം!
മർത്ത്യാ ! പ്രകൃതിക്കുമുണ്ട് പ്രതികാരം

# ആത്മഹത്യ

ആത്മാവിന്റെ ചൂടുപടലങ്ങൾ നീ-
ക്കാനായി ഒരു ശ്രമം..........
ജീവിതമെന്ന ഗെയ്മിൽ തോറ്റുകൊ-
ടുക്കാനൊരു കൊതി
എനിക്കായ് മുന്നോട്ട് കരുതിവെച്ചതെന്തെ-
ന്ന് എനിക്കറിയില്ല..............
പക്ഷേ.... കത്തി തിളങ്ങുന്ന ആ
ചിമ്മിണി വിളക്കിൻ നാളം ഊതിക്കെ-
ടുത്താൻ തോന്നി.
ഇനി എൻ ജീവൻ മുന്നോട്ടു പോയാൽ
ഇനിയും എത്ര കാളരാത്രികളിൽ ഞാൻ
കണ്ണീർ പൊഴിക്കണം.
ഞാൻ ആഗ്രഹിച്ചതെല്ലാം വെന്തുരുകി
എൻ ആഗ്രഹങ്ങളെ ആരോ നിറങ്ങ-
ളില്ലാത്ത ചെപ്പിലൊളിപ്പിച്ചു.
ആരെന്നറിയില്ല, പക്ഷേ
ഞാൻ കുരുതിക്ക് കൊടുക്കുന്ന
എൻ ജീവിതത്താളുകൾ കത്തിക്കാനായി
ആ പേരറിയാത്ത മതമറിയാത്ത ആ-
അറിയാത്ത മനുഷ്യനും എത്തുമോ?.......



# സുഹൃത്ത്

മുർഷിദ പി .9 ഡി

സുഹൃത്ത് എന്നാൽ ഒരു തലയണപോലെയാവണം. സന്തോഷം വരുമ്പോൾ കെട്ടിപ്പിടിക്കാനും, സങ്കടം വരുമ്പോൾ ചേർത്ത് പിടിച്ച് കരയാനും, ദേഷ്യം വരുമ്പോൾ എടുത്തിട്ട് പെരുമാറാനും കഴിയുന്ന സുഹൃത്താവണം. എനിക്ക് അങ്ങനെയുള്ള സുഹൃത്തിനെയാണ് ഇഷ്ടം. പുറത്ത് നമ്മളോട് കുറുമ്പ് കാണിച്ചും ദേഷ്യം പിടിച്ചും കഴിയുന്ന ഒരു നല്ല സുഹൃത്ത്. അവർ മനസ്സിൽ പുഞ്ചിരിക്കും. നമ്മൾ മിണ്ടാതിരിക്കുമ്പോൾ അവർ തന്നെ നമ്മളോട് വന്ന് മിണ്ടും. അതാണ് ഒരു ഫ്രണ്ടിനോടുള്ള സ്നേഹം.



# കാരണം

**ശ്രീതു ടി പി**

വെള്ളം ഇതാ ചുടുരക്തമായ് ഒഴുകി,<br>
ഒഴുകി വരുന്നിതാ വെള്ളം.<br>
എല്ലായിടത്തും വെള്ളം പൊങ്ങി പ്പൊങ്ങി.<br>
എല്ലായിടത്തും വെള്ളം.<br>
വീട്ടിലും വെള്ളം പറമ്പിലും വെള്ളം.<br>
പുഴയിലും വെള്ളം റോഡിലും വെള്ളം<br>
മൂന്നു ദിവസം അങ്ങനെ നിന്നു.<br>
എങ്ങോട്ടും പോകുവാനാകാതെ<br>
വെള്ളം കൂടിക്കൂടി വന്നു.<br>
നിശ്ചലമായൊരു അവസ്ഥയിലായി<br>
എല്ലാവരും ഒന്നിച്ചുപറഞ്ഞു<br>
എന്തിനു വെള്ളം വരാൻ കാരണം<br>
എല്ലാവരും തിരിച്ചറിഞ്ഞു കാരണം,<br>
നമ്മൾ ഓരോരുത്തരുമാണ് കാരണം!

## എന്റെ കലാലയം

**ഷിജിത എൻ വി .10 എച്ച്**

എത്രകാലം കൊഴിഞ്ഞകന്നീടിലും
എത്ര വർഷങ്ങൾ വാടി വീഴുകിലും
എന്നും മനുഷ്യ മനസ്സിന്റെയുൾക്കോണിൽ
തങ്ങി നിൽപ്പുണ്ടാകും തന്റെ കലാലയം.
എന്നിലറിവിൻ പ്രകാശം പരത്തിയ
ഗുരുനാഥമാരുള്ള ആ പൊൻ കലാലയം
തിന്മതൻ കൂരിരുട്ടെങ്ങോ പറത്തി
നന്മതൻ അഗ്നി പടർത്തി കലാലയം
നേരിൻ അറിവു പകർന്ന് നൽകി
സത്യവും ധർമ്മവും എന്നെപ്പഠിപ്പിച്ച
ദൈവത്തിൻ വരമാണെനിക്കെന്റെ കലാലയം
ഒന്നിതൊന്ന് ഓർക്കുക മനുഷ്യരെല്ലാവരും
നമ്മുടെയീ ഉയരങ്ങൾക്ക് അടിത്തറയും കലാലയം






# പുതു വർഷം

വർഷ & മഞ്ജിമ

പുതുവർഷത്തെ വരവേൽക്കാൻ
ഞങ്ങൾ ഒരുങ്ങി.
പുതിയൊരു ജീവിതം സ്വപ്നം
കണ്ടാണ് പുതുവർഷത്തെ
വരവേൽക്കുന്നത്.
നല്ലൊരു നാളെയ്ക്ക് വേണ്ടി ഞങ്ങൾ
മുന്നേറും
ഞങ്ങളുടെ ഓരോ ചുവടും
വിജയത്തിലേക്കുള്ളതാണ്.
അതിനുവേണ്ടി ഞങ്ങൾ ശക്തമായി പോരാടും



# അന്നായിരുന്നു ആ ദിനം

ജിൻസില .എം 10 എ

ലോകം ഭീതിയിലാണ്ട ആദിവസം അന്നായിരുന്നു. കേരളത്തെ മുഴുവൻ ഇരുട്ടിലാഴ്ത്തിയ ദിവസം. മനുഷ്യരുടെ ഇടപെടൽ പ്രകൃതിക്കു തന്നെ അപകടകാരിയായി. ചെറിയവരില്ല, വലിയവനില്ല, ഹിന്ദുവില്ല, ഇസ്ലാമിയില്ല, കൃസ്ത്യാനിയില്ല എല്ലാവരും ഒന്നിച്ചു കൂടിയ ആ ദിവസം എന്തുകൊണ്ടാണ് പ്രളയം വന്നത്? എന്നചോദ്യത്തിന് ഞങ്ങൾ കണ്ടെത്തിയ നിഗമനം ഇതായിരുന്നു. പ്രളയത്തെ കുറിച്ച് ആലോചിക്കുമ്പോൾ എനിക്ക് പഴത്തൊലിയാണ് ഓർമ്മ വരുന്നത്."അവനവൻ കുഴിച്ച കുഴിയിൽ അവനവൻ തന്നെ വീണു...." ഡാം തുറന്നാൽ സ്വാഭാവികമായും വെള്ളം ഒഴുകേണ്ട വഴികൾ തടസ്സപ്പെടുത്തിയതിനാൽ വെള്ളം ജനവാസ സ്ഥലങ്ങളിലേക്ക് കുത്തി ഒഴുകി. പ്രളയം എന്ന രാക്ഷസൻ കേരളത്തെ വിഴുങ്ങിയപ്പോൾ 'ഒരു ജാതി ഒരു മതം ഒറു ദൈവം മനുഷ്യന് "എന്ന ഒരൊറ്റ ആശയത്തിലാണ് നമ്മളെ കൊണ്ടെത്തിച്ചത്. പ്രളയത്തെ നാമിന്നും ഭീതിയോടെ ഓർക്കുന്നു. ഒറുപാട് മനുഷ്യരുടെ കഴിവുകൾ പ്രകടമായ സംഭവം കൂടിയായിരുന്നു പ്രളയം. സ്കൂൾ കുട്ടികൾ ആണ് ഫാക്ടറിയിൽ നിന്നും കരണ്ടുണ്ടാക്കി ഫോൺ ചാർജ് ചെയ്യാൻ സഹായിച്ചത്. ഒരുപാട് മനുഷ്യത്വമുള്ള പ്രതിഭകളെ ഈയൊരു സംഭവം മൂലം നമുക്ക് തിരിച്ചറിയാൻ സാധിച്ചു. മതഭേദമോ അന്യായമോ ഇല്ലാത്ത മാവേലി മന്നന്റെ കാലഘട്ടത്തെപ്പോലെ മനുഷ്യരെല്ലാം ഒന്നായി ജീവിച്ച ഒരു സമയം കൂടിയായിരുന്നു അത്.ഏതൊരു പ്രമുഖനായാലും പ്രളയത്തെ കീഴടക്കാൻ ആർക്കും കഴിയില്ല എന്നതാണ് സത്യം.പല മത പ്രശ്നങ്ങളിൽ മുങ്ങി നിൽക്കുന്ന കേരളം ഈ പ്രളയം മൂലം നമ്മളെല്ലാം ഒന്നാണെന്ന ആശയത്തിൽ എത്തിച്ചേർന്നു. ഉള്ളകാലം സ്നേഹത്തോടെ, ഐക്യത്തോടെ പ്രളയം വന്ന സമയം നാം കഴിഞ്ഞപോലെ എല്ലാവരും ഒന്നായി മുന്നേറണം. പണക്കാരില്ല, ദരിദ്രനില്ല സ്വന്തം വീടും കുടിലും വിട്ട് ഒരു സ്കൂൾ വരാന്തയിൽ നൂറായിരം ജീവനുകൾ.....

# കൂട്ടുകാർ

ഹസ്ന ബിൻസി കെ

ഒരു ഹൈസ്ക്കൂളിൽ എട്ടാം ക്ലാസ്സിൽ ഒരു കുട്ടി പഠിക്കുന്നുണ്ടായിരുന്നു. അവന്റെ പേര് ആനന്ദ് എന്നാണ്. അവന്റെ ക്ലാസ്സിൽ അവന് കൂട്ടുകാരായി ആരും ഉണ്ടായിരുന്നില്ല. അവൻ ആരോടും മിണ്ടാറുമില്ല. ക്ലാസിൽ ശ്രദ്ധിക്കും. അത്യാവശ്യം പഠിക്കുകയും ചെയ്യും.ഒരു ദിവസം അവൻ സ്കൂളിൽ ഗ്രൗണ്ടിലൂടെ നടക്കുകയായിരുന്നു.അപ്പോൾ അവിടെ വേറെ ക്ലാസിലെ കുട്ടികൾ കളിക്കുന്നുണ്ടായിരുന്നു. പെട്ടെന്ന് ഇവർ തട്ടിയ പന്ത് ആനന്ദിന്റെ തലയിലേക്ക് വീണു. കളിക്കുന്നവരിൽ മൂന്ന് പേർ വന്ന് അവനെ എണീപ്പിച്ചു. അവർ അവനോട് സോറി പറഞ്ഞു. അന്ന് മുതൽ അവർ സുഹൃത്തുക്കളായി. ഇവർ തമ്മിൽ കാണുമ്പോൾ ചിരിക്കലും കളിക്കലും തുടങ്ങി. ഒൻപതാം ക്ലാസ്സിൽ എത്തിയപ്പോൾ ഇവർ നാല് പേരും ഒരേ ക്ലാസ്സിലായി. അവർ നാലു പേരും ഒരു ബെഞ്ചിലിരുന്നു. എന്തു പ്രശ്നത്തിലും അവർ ഒറ്റക്കെട്ടായാണ് നിൽക്കുക. അവർ നാല് പേരാണ് ക്ലാസ്സിലെ ഫസ്റ്റ്.

ഒരു ദിവസം ഇല്ലാത്ത കുറ്റത്തിന് ആനന്ദിനെ പ്രിൻസിപ്പൽ ഡിസ്മിസ്സ് ചെയ്യാൻ തീരുമാനിച്ചു. പ്രിൻസിപ്പൽ ഇങ്ങനെ ചെയ്യാൻ കാരണമെന്തെന്ന് അവന്റെ കൂട്ടുകാർ ചോദിച്ചു. അവനൊന്നുമറിയില്ലെന്ന് അവൻ പറഞ്ഞു. നീ ഒരു തെറ്റും ചെയ്തിട്ടില്ലെ എന്ന് അവർ അവനോട് ചോദിച്ചു. ഇല്ല എന്ന് അവനും പറഞ്ഞു. അവർ ഓഫീസിലെത്തി പ്രിൻസിപ്പലിനോട് കാര്യം ചോദിച്ചു. അവൻ പുകവലിക്കുന്നതു കൊണ്ടാണ് എന്ന് പ്രിൻസിപ്പൽ പറഞ്ഞു. പ്രിൻസിപ്പലിനോട് ആരാണ് പറഞ്ഞതെന്ന് അവർ ചോദിച്ചു. വീഡിയോയിൽ നിന്ന് കണ്ടതാണെന്ന് പ്രിൻസിപ്പൽ പറഞ്ഞു. സി. സി. ടി. വി. യിൽ നിന്ന് കണ്ടാൽ അത് അവൻ തന്നെ ആകണമെന്നില്ല എന്ന് അവർ പറഞ്ഞു.എപ്പോഴാണ് കണ്ടതെന്ന് അവർ ചോദിച്ചു. തിങ്കളാഴ്ച ഉച്ചയ്ക്കാണ് കണ്ടതെന്ന് അദ്ദേഹം പറഞ്ഞു. തിങ്കളാഴ്ച ഉച്ചയ്ക്ക് അവൻ ക്ലാസ്സിൽ തന്നെ ഉണ്ടായിരുന്നു. സാറിന് സംശയമുണ്ടെങ്കിൽ ഞങ്ങളുടെ ക്ലാസ്സിൽ ചോദിക്കാൻ പറഞ്ഞു. പ്രിൻസിപ്പലും കുറച്ച് ടീച്ചർമാരും അവർ 3 പേരും കൂടി ക്ലാസ്സിൽ പോയി ചോദിച്ചു. തിങ്കളാഴ്ച ഉച്ചയ്ക്ക് അവൻ ക്ലാസ്സിൽ നിന്നും പുറത്തിറങ്ങിയിട്ടില്ല എന്ന് കുട്ടികൾ പറഞ്ഞു. ആനന്ദിനെ തെറ്റിദ്ധരിച്ചതിന് പ്രിൻസിപ്പൽ അവനോട് ക്ഷമ ചോദിച്ചു. ഇത്രയും വലിയ പ്രശ്നത്തിലും അവന്റെ കൂടെ നിന്ന അവന്റെ മൂന്നു കൂട്ടുകാരോടും അവൻ നന്ദി പറഞ്ഞു.

# രാത്രി

ശ്രീഷ്ണ ടി .9 ഡി

തണുത്ത കാറ്റ് മൃദുലമായി ഒന്നു തഴുകി രാത്രിയുടെ അന്ധകാരങ്ങളെ തലോടി പ്രകാശ പൂരിതമാക്കുന്ന താരകങ്ങൾ രാത്രിയുടെ മറവിൽ അനുരാഗ ഗീതങ്ങൾ പൊഴിക്കുന്ന ഇണപ്പക്ഷികൾ. സുഗന്ധപൂരിതമായ അന്തരീക്ഷം. പാലപ്പൂവിന്റെ സുഗന്ധം. മലർ തേടിയെത്തുന്ന നിശാ ശലഭങ്ങൾ. നിലാവിന്റെ വെളിച്ചത്തിൽ ഏകയായി ഞാൻ

# പിൻവഴികളിലൂടെ

**അനഘ 9 ഡി**

ആകാശ നീലിമയുടെ അടിത്തട്ടിൽ ആ കൊച്ചു പരവതാനിയിൽ അവർക്കുള്ളിൽ അവരും അവരുടെ കളികളും മാത്രം. കാർമേഘങ്ങളുടെ ഇരുളിൽ അവരുടെ കൊച്ചു സന്തോഷം വാനോളം പകരുന്നു. വാനിൽ പരക്കുന്ന കിളികളെല്ലാം അവരുടെ സന്തോഷം കണ്ട് അസൂയാലുക്കളായി. പ്രകൃതിയിൽ വിരിയുന്ന പൂക്കളേക്കാൾ നിറമുള്ളതായിരുന്നു അവരുടെ സൗഹൃദം. പാറക്കെട്ടുകളിലൂടെ തൊട്ടു തലോടി വരുന്ന ആ നദിയോളങ്ങൾ. നദിയുടെ കള കള നാദങ്ങൾ എന്തിനേയും തോൽപ്പിക്കുന്നതായിരുന്നു. അവരുടെ കളികളിൽ ആ നദിയും പങ്കാളിയായി. എന്തെന്നറിയാതെ നദി ആ കൊച്ചു കുരുന്നുകളുടേതായി. ആകാശ മടിത്തട്ടിലിരിക്കുന്ന സൂര്യൻ പോലും അവരെ നോക്കി മന്ദഹസിക്കുന്നു. ഒരു മൃദുലമായ കാറ്റ് അവരെ തൊട്ട് തലോടിപ്പോയി. പാടവരമ്പിൻ വീഥികളിലൂടെ പുഴയോരങ്ങളിലൂടെ അവർ അവരുടെ ലോകം എന്നതു പോലെ പറന്നു നടന്നു.

# പ്രളയം

**അമൽനാഥ് പി വി 8 D**

പ്രളയക്കെടുതിയിൽ അകപ്പെട്ടു മർത്യർ
പ്രകൃതി വികൃതിയിൽ മനം നൊന്തു മനുഷ്യർ
ദൃഷ്ടിയിൽ അമ്പരക്കും കാഴ്ച്ചകൾ
പ്രാണനും കൊണ്ടവർ അലഞ്ഞു നടന്നു
പ്രളയം തെളിയിച്ചു ഭൂമി സുന്ദരം ,
ജാതി ,മത മില്ലാത്തപ്പോൾ
പ്രളയം തെളിയിച്ചു ഏവരും ഒന്നെന്ന്
പ്രകൃതി കോപത്തിന്മേൽ വേറൊന്നില്ലെന്ന് മനുഷ്യൻ പഠിച്ചു
പ്രളയത്തിൽ നിന്ന് ...
ഒട്ടേറെ അറിവുറ്റ പാഠങ്ങൾ തന്നിട്ട്
അവനതാ പോയി പോയി മറഞ്ഞു ........

## പ്രസംഗം


# വിഷയം: സ്ത്രീ എന്ന കാഴ്ചപ്പാട്

**അശ്വതി കെ വി എട്ട് സി**

ഞാൻ ഒരു മനുഷ്യനാണ് എന്നു പറയുമ്പോൾ നിങ്ങളുടെയെല്ലാം മനസ്സിൽ തെളിയുന്ന രൂപം ഒരു പുരുഷന്റേതാവും. നാം പിറന്ന നാൾ മുതലേ കേൾക്കുന്നതാണ് “അവനൊരാണാണ്,അവനങ്ങനെ ചെയ്യാം. നീയൊരു പെണ്ണാണ്,നീ അങ്ങനെ ചെയ്യരുത് " എന്നൊക്കെ.

ഞാൻ ഇന്ന് നിങ്ങളോടു പറയാൻ ആഗ്രഹിക്കുന്നതും അതു തന്നെയാണ്. സ്ത്രീയുടെ സമൂഹത്തിലെ ഇന്നത്തെ സ്ഥാനം പറയുകയാണെങ്കിൽ ആദ്യത്തെ സ്ത്രീ വിദ്വേഷി നമ്മുടെ അമ്മയാണ്. കാരണം അമ്മയാണ് തന്റെ പെൺമക്കളെ ആൺ മക്കൾക്കു നൽകുന്ന സ്വാതന്ത്ര്യം നൽകാതെ വളർത്തുന്നത്. നമ്മുടെയൊന്നും മാതാപിതാക്കൾ ഇതേക്കുറിച്ച്, അഥവാ സ്ത്രീയുടെ സ്വാതന്ത്രത്തെക്കുറിച്ച് മനസ്സിലാക്കുന്നില്ല. കാരണം സമൂഹം അവരിൽ കാലങ്ങൾക്കു മുമ്പുതന്നെ ഉള്ള ഒരു വിശ്വാസമാണ്, സ്ത്രീ എന്നത് ചരടുകൾക്കുള്ളിൽ അഥവാ, അടയ്ക്കപ്പെട്ട ചങ്ങലകൾക്കുള്ളിൽ ഒതുങ്ങി കഴിയേണ്ടവളാണെന്ന്. ഇന്ത്യയിൽ ഒരു നിയമങ്ങളിൽ പോലും സ്ത്രീയുടെ സ്വാതന്ത്ര്യത്തിന് അതിരുകൾ നിശ്ചയിച്ചിട്ടുള്ള നിയമങ്ങൾ ഇല്ല. ആധുനിക തലമുറയിൽ ജീവിക്കുന്ന നമ്മൾ പിന്നെന്തിനാണ് സ്ത്രീയുടെ അവകാശങ്ങളെ സ്വയം അടച്ചമർത്തുന്നത്. സ്ത്രീ എന്ന പേരിൽ പലതിൽ നിന്നും ഒഴുവാക്കപ്പെട്ട സമൂഹം നമുക്കിടയിലുണ്ട്. വരും തലമുറ സ്ത്രീയുടെ സമൂഹത്തിലെ സ്വാധീനം തിരിച്ചറിയുമെന്ന പ്രതീക്ഷയോടെ ഞാൻ എന്റെ വാക്കുകൾക്ക് വിരാമമിടുന്നു.

***********




# താക്കീതുകൾ

നിർമല

**മലയാളം അധ്യാപിക**

മറന്നു പോകരുത്
കാണെക്കാണെച്ചിരിക്കും
കണിക്കൊന്ന വിതിർത്തിട്ട നാട്ടു പച്ചപ്പിനെ
അമ്മയുടെ കൺമഷി വരകളെ
കണ്ണീരിൽ കുതിർന്നുമ്മതന്നുറക്കിയ
നല്ല നേരങ്ങളെ
തുമ്പപ്പൂ നിലാവിനെ
ചുറ്റിചുറ്റിപ്പിടിച്ചെന്നെയീ
ഒഴുക്കിൽ രമിപ്പിച്ച വൈദ്യുതാഗ്നിയെ
തപിപ്പിക്കുമോർമ്മകാട്ടി
ഭീതിപ്പെടുത്തുന്ന പള്ളിക്കൂടവരാന്തയെ
അ മുതൽ അമ്പത്തൊന്നു കാതം
നടത്തി തളർത്തിയ
കുരുടഭാഷയുടെ വെള്ളിടിവെളിച്ചത്തെ
വീണ്ടും വരരുത് ;
നിന്നെയാഗ്രഹിക്കാത്തിടങ്ങളിലേക്ക്
പേർത്തും പേർത്തും
വലിച്ചെറിഞ്ഞവർക്കിടയിലേക്ക്
നന്ദി കെട്ടിടം പൊട്ടി ചീഞ്ഞു നാറുമ്പോൾ
ആർപ്പു വിളികളോടെ മുന്നേറുന്ന
കൊടിയടയാളങ്ങളിലേക്ക്
തിരിഞ്ഞു നടക്കരുത്
അവിടെ ചുനമണക്കുന്ന വാക്കുകളോ
കനിവിന്റെ ചൂണ്ടുവിരലുകളോ
ഉണ്ടാവില്ല
തെരുവിൽ ധർമ്മം
പ്രസംഗിക്കുന്നവർ
വഴിക്കവലകളിലേക്ക്
വെച്ചുനീട്ടുന്ന സൂര്യകാന്തിപ്പൂക്കൾക്ക്
വെളുത്ത നിറമാണ്
ഉള്ളിൽ
പാകമായ ചുവപ്പും

***********



# ജാലകം

## ലളിത എം കെ

### ഇംഗ്ലീഷ് അധ്യാപിക

തുറന്നിട്ട ജാലക പഴുതിലൂടെ-
ത്തിനോക്കുന്നൂ കൂർത്ത-
നഖങ്ങൾ കരാളമാം മുഖങ്ങൾ
പേടിപ്പെടുത്തുന്ന ഓർമ്മകൾ
ഇരുട്ടിന്റെ മറവിൽ ഇരുണ്ട-
രാവുകൾ തീർത്ത ഓർമ്മയുടെ നൊമ്പര ധ്വനികൾ

മന്ദസ്മിതത്തെ തച്ചുടച്ചവൻ
സർവ്വനാശത്തിൻ വിത്ത് പാകിയൻ
കാണാൻ മടുക്കുന്ന കാഴ്ചകൾ കണ്ട ഞാൻ
കൊട്ടിയടിച്ചെന്റെ ജാലക പഴുതുകൾ
നരഹത്യ തൻ വിവിധ മുഖങ്ങൾ ഒളിഞ്ഞു-
തെളിഞ്ഞെന്റെ മനസ്സിന്റെ ജാലകത്തിൽ
വീണ്ടും തുറക്കുവാൻ ഓങ്ങിയ ഞാൻ കണ്ടതു
നീണ്ട വരിതൻ കറൻസി മാറ്റാൻ
ദുരിതങ്ങ്അങൾ മാത്രമായ് മാറിയ കാഴ്ചകൾക്ക-
ന്ത്യം വരുത്തി ഞാൻ ജനലടച്ചു.
ഹാ! മനസ്സിന്റെ ജാലകമടക്കാൻ മറന്ന ഞാൻ
പഴുതുകൾ തെരഞ്ഞു മടുത്തു പോയി...
പഴുതുകളടച്ചു  ഞാൻ അകറ്റിയ ബിംബങ്ങൾ മനസ്സിലെ ജാലകപ്പഴുതിലൂടെത്തി നോക്കി!
പേടിച്ചു വിറച്ച ഞാൻ അറിയാതകതാരിൽ
നിനച്ചു പോയൊരു നിമിഷം
തുറക്കാതിരുന്നെങ്കിൽ ഈ ജനൽ പാളികൾ
നിഷ്ഠൂരമാം ലോകത്തിൻ മൂക സാക്ഷ്യം!

# മഴ മൗനം


## നിർമ്മലാ റാഫേൽ

മലയാളം അധ്യാപിക


മഴയെവിടെ?
കാടുചുരന്നൊഴുകും പുഴയുടെ പാട്ടെവിടെ
കണിവെള്ളരി വീശിയൊതുക്കിയ
നമ്മുടെ വഴിയെവിടെ?
നിറമുള്ള കിനാക്കൾ,
പ്രണയാർദ്ര നിലാക്കൾ,
അരയാൽത്തറയിൽ വന്നന്തിയിരിക്കും
ചിരിയെവിടെ?
കനിമണ്ണിനെ രതിയാൽ
ഇക്കിളികൂട്ടിയ മഴയെവിടെ?
മനയുടെ മണമെനിടെ.
മഴനീരായ് നേരറിവായ് ഒഴുകിയ
മാമ്പൂവിൻ ചുനമണമെവിടെ
മഴനീരായ് നേരറിവായ് ഒഴഉകിയ
മാമ്പൂവിൻ ചുന മണമെവിടെ
എവിടെപ്പോയ് തിരയമിനിയെൻ
ആ വേഗങ്ങളെ
വെയിലാണല്ലോ ഇടവപ്പാതിപ്പെരുവഴിയിൽ
കനലാളുന്നു
മലയാളത്തിൻ നെഞ്ഞിൽ
വഴയിൽ പൊന്തിയ വാളിൽ നിന്നും
പെങ്ങളിറങ്ങ വരുന്നു
ഓർമ്മകളുടെ മഴയിൽ നനയാൻ
ഇത്തിരിനേരമിരിക്കാൻ
കാറ്റായ് തലോടും നിളയുടെ നെഞ്ഞിലുറങ്ങിയ
വിങ്ങൽ കേൾക്കാൻ
കനവായ് പെയ്തുതിരും ധരയുടെ കണ്ണിലുറങ്ങിയ തേങ്ങൽ
പെങ്ങളിരങ്ങി വരുന്നു
എവിടെപ്പോയ് തിരയണമിനിയെൻ
ആവേഗങ്ങളെ പുണ്യങ്ങളെ
വെയിലാളണല്ലോ...
ഇടതവപ്പാതിപ്പെരുവഴിയിൽ
കനലാളുന്നു മലയാളത്തിൻ നെഞ്ഞിൽ

(AKSTU കവിതാ രചന മത്സരത്തിൽ സംസ്ഥാന തലത്തിൽ ഒന്നാം സ്ഥാനം നേടിയ കവിത)

# മറന്നുവോ ആ വാത്സല്യപ്പാത്രത്തെ

അതുല്യ പികെ (9 ഡി)

“അമ്മ" ആ രണ്ടക്ഷരത്തിൽ മാനവികതയുടെ ആത്മാവ് നിറഞ്ഞു നിൽക്കുന്നു. 10 മാസം നമ്മളെ വയറ്റിലേറ്റി നൊന്തു പ്രസവിച്ച അമ്മയ്ക്ക് പകരം വയ്ക്കാൻ ഈ ലോകം മുഴുവൻ തന്നാലും ത്രാസ് തുല്യമാകില്ല. അമ്മയ്ക്ക് നമ്മളോടുള്ള സ്നേഹവും വാത്സല്യവും തിരിച്ചു നമുക്കുള്ള സ്നേഹവും ആണ് മാതൃ- പുത്ര ബന്ധത്തെ ബലപ്പെടുത്തുന്നത്. എന്നാൽ ഇന്നത്തെ തലമുറയ്ക്കിതെന്തു പറ്റി? പേറ്റുനോവനുഭവിച്ച് മക്കളെ വളർത്തി വലുതാക്കിയ അമ്മയ്ക്കുള്ള തിരിച്ചടി ആ മാതൃ ഹൃദയത്തെ തകർക്കുന്നില്ലേ? എന്തേ അത് ഓർക്കാത്തത്. പണ്ടൊരു പേരിന് തുടങ്ങിയ വൃദ്ധസദനം എന്ന സ്ഥാപനം ഇന്ന് വലിയൊരു, അമ്മമാർ തിങ്ങിപ്പാർക്കുന്ന ഇടമായി മാറിയിരിക്കുന്നു. യൗവ്വനകാലം മക്കളിൽ പുതിയൊരു ഭാവിയ്ക്ക് തുടക്കമിടുമ്പോൾ വിവാഹ ജീവിതത്തിൽ ഒരു കരടായി അമ്മ മാറുന്നു, അല്ല, അമ്മയെ മാറ്റുന്നു.

ഭാര്യയുടെ വാക്കുകേട്ട് പെറ്റമ്മയെ തള്ളിപ്പറയുന്ന, ഉപേക്ഷിക്കുന്ന ആപാസൻമാരായ യുവാക്കളെ സൃഷ്ടിക്കുന്ന ഈ തലമുറ തന്നെയാണ് കുറ്റക്കാർ. അവരോടുള്ള സമൂഹത്തിന്റെ കുറ്റപ്പെടുത്തലുകളായി കവികളും കഥാകാരന്മാരും കഥകളിറക്കിയപ്പോൾ റഫീഖ് അഹമ്മദിന്റെ അമ്മത്തൊട്ടിൽ എന്ന പ്രേക്ഷക ശ്രദ്ധയാർജിച്ച കവിത കേട്ടിട്ടും മനം മാറ്റമുണ്ടാവുന്നില്ല യുവാക്കൾക്ക്. എന്റെ ഈ കൊച്ചു ലേഖനം വായിച്ച് നിങ്ങളുടെ മനം മാറുമെന്ന് ഞാനൊരിക്കലും ചിന്തിക്കുന്നില്ല. പക്ഷേ, ഒന്നോർക്കുക, ആര് പറഞ്ഞിട്ടും പഠിപ്പിച്ചിട്ടുമല്ല നാം അമ്മയെ സ്നേഹിക്കുകയും പരിചരിക്കുകയു ചെയ്യുക, അത് ഹൃദയത്തിൽ നിന്ന് വരണ്ട ഒരു പരമാർഥ സത്യമാണ്.



# ഒരു മഞ്ഞിൻ കണമായ്

ബിന്ദു.പി.ബി.

ഒരു മഞ്ഞിൻ കണമായ്
പറയാൻ മറന്ന നൊമ്പരം
മലരായ് നിറഞ്ഞകതാരിൽ
കവിതയായ് നിഴലായ് നിന്നിലലിയാൻ
മുറിവായ് സ്നേഹ നൊമ്പരം
മഴയിൽ കുതിർന്നൊരാ സന്ധ്യയും
മൗനം നിറയും നിമിഷങ്ങളും
നിന്നിൽ പൊഴിഞ്ഞു വീണ ദിനങ്ങളും
അറിഞ്ഞ നൊമ്പരങ്ങളും
മഞ്ഞിൻ കണമായ് മൃദുവായ് തലോടവേ
അലിഞ്ഞു നേർത്തൊരു തേങ്ങലായ്
എന്നിൽ നിറഞ്ഞു തുളുമ്പവേ
അറിഞ്ഞു നിന്നാർദ്ര സ്നേഹം
മഴയായ്,മലരായ്,മൃദുവായ്
മഞ്ഞിൻ കണമായ്...

## മുൻ കവർ ചിത്രം

**സുരേഷ് പി**

## സ്റ്റുഡന്റ് എഡിറ്റേഴ്സ്

**സംസിയ വി കെ**
**നൈഷാന കെ**

## ടൈപ്പ് സെറ്റിംഗ്

**തന്ദുൽ**
**അരവിന്ദ്**
**അമൽനാഥ്**

## സ്റ്റാഫ് എഡിറ്റേഴ്സ്

**വിനുകുമാർ പി വി**
**ബിന്ദു പി ബി**

## ചിത്രങ്ങൾ

**അരവിന്ദ്**

## നന്ദി

**പഠനപ്രവർത്തനങ്ങൾക്ക് സഹായകമായ വരിയും വരയും നല്കിയവർക്കും സഹകരിച്ചവർക്കും**





# Qബിറ്റ്

## ഡിജിറ്റൽ മാഗസിൻ

ജി. എച്ച്. എസ്. പുറത്തൂർ

ലിറ്റിൽ കൈറ്റ്സ് 2018 - 19